# അമേരിക്കൻ മേഖലയിൽ ലോക കേരള സഭയുടെയും നോർക്കയുടെയും പ്രവർത്തനം – വിപുലീകരണ സാധ്യതകളും വെല്ലുവിളികളും

- **അവതരണം**
**ശ്രീ. പി ശ്രീരാമകൃഷ്ണൻ**, റസിഡന്റ് വൈസ് ചെയർമാൻ, നോർക്ക റൂട്ട്സ്

കേരളത്തിന് മാത്രം അവകാശപ്പെടാൻ അവകാശമുള്ള വ്യത്യസ്തതകൾ കൊണ്ട് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ചു ബഹുദൂരം സഞ്ചരിച്ച് ലോകത്തിന് മാതൃകയായി മാറിയ സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ സാക്ഷരതാ നിരക്കും അതിലൂടെ കുടിയേറ്റത്തിൽ പ്രതിഫലിക്കപ്പെട്ട മാറ്റങ്ങളും മറ്റൊരു പരിണാമത്തിലേക്ക് നയിച്ചു. അവിദഗ്ധ തൊഴിലാളിയിൽ നിന്ന് വിദഗ്ദ്ധ തൊഴിലാളിയായി, തൊഴിലാളിയിൽ നിന്ന് വൻകിട കമ്പനികളുടെ മുതലാളിമാരായി, ഗൾഫ് നാടുകളിൽ നിന്ന് യൂറോപ്പ്, അമേരിക്ക എന്നീ വൻകരകളിലേക്ക്, പല മേഖലകളിൽ പല രൂപത്തിലും ഭാവത്തിലും കേരള ജനത സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. കലാഹരണപെട്ട അതിർവരമ്പുകൾ ഭേദിച്ച് ഭൂപടമാകെ വ്യാപിച്ച ജനതയെ പ്രത്യേകമായി സർക്കാർ കണ്ടപ്പോൾ, വിവിധമേഖലകളിൽ പ്രവർത്തിക്കുന്ന മലയാളിയുടെ പ്രാഗൽഭ്യം, വൈദഗ്ധ്യം, സാങ്കേതിക അറിവുകൾ, പ്രായോഗികജ്ഞാനങ്ങൾ എന്നിവ സംസ്ഥാനത്തിൽ നിലനിർത്തുക എന്നത് ഒരു പുത്തൻ ആശയത്തിന് തിരിതെളിയിച്ചു.

ഏറെ ജനാധിപത്യവൽക്കരിക്കപ്പെട്ട ഒരു സമൂഹമാണ് കേരളം. പക്ഷെ കേരളത്തിൽ ജനാധിപത്യക്കമ്മി അനുഭപ്പെടുന്നതും ജനാധിപത്യ വൽക്കരണ പ്രക്രിയയെ ഏറെ മുന്നോട്ടു കൊണ്ടുപോകേണ്ടതുമായ ഒരു രംഗമാണ് പ്രവാസികളുടെ ഭരണ – അധികാര പങ്കാളിത്തം. പ്രവാസികൾക്ക് കേരള ഭരണത്തിൽ പങ്കാളിത്തം ഇല്ല. കേരളം സംസ്ഥാനാതിർത്തികൾ പിന്നിട്ട ലോകമെമ്പാടും വളർന്നു പന്തലിച്ചെങ്കിലും കേരളം ഭരണവും അധികാരവും ഇപ്പോഴും സമ്പൂർണ്ണമായും പ്രദേശ കേന്ദ്രീകൃതമായി തുടരുകയാണ്. ഈ കുറവ് പരിഹരിക്കുക എന്നതാണ് ലോക കേരള സഭ കൊണ്ട് ലക്ഷ്യമിടുന്നത്.

മറ്റ് സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമുള്ള മലയാളികളുടെ പ്രതിനിധികൾ, ജനപ്രതിനിധികൾക്കൊപ്പം കേരളത്തിന്റെയും പ്രവാസികളുടെയും പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ഒരുമിച്ചു ചേരുന്ന വേദിയാണ് ലോക കേരള സഭ. കേരള വികസനത്തിന് ക്രിയാത്മകമായ നിർദ്ദേശങ്ങളും സംഭാവനകളും നൽകുന്നതിനും പ്രവാസികളുടെ വിഷയങ്ങൾ മുഖ്യശ്രദ്ധയിലേക്ക് കൊണ്ടുവരുന്നതിനുമുള്ള ആധുനിക ജനാധിപത്യ വേദിയാണ് ലോക കേരള സഭ.

കേരളത്തിലെ ജനപ്രതിനിധികൾക്കൊപ്പം പുറം കേരളത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള പ്രവാസി പ്രതിനിധികളെ ഉൾപ്പെടുത്തിയുള്ള ഒരു ഘടനയാണ് സഭയ്ക്കുള്ളത്. ജനാധിപത്യത്തിന്റെ പുനഃക്രമീകരണങ്ങൾ കൂടുതൽ പങ്കാളിത്തപരവും സുതാര്യതയും ഉറപ്പ് നൽകുന്നു എന്ന സന്ദേശ മാണ് ഇതിലൂടെ ലക്ഷ്യം വെച്ചത്. ഗൗരവമേറിയ ചർച്ചകൾക്കും, സംവാദങ്ങൾക്കുമുള്ള വേദി കൂടിയാണ് പ്രസ്തുത സഭ. സമ്മേളനത്തിനൊടുവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പരിഗണിക്കേണ്ട വിഷയങ്ങളിൽ വിശദവും മൂർത്തവുമായ ഉപദേശ-നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നതാണ് ലോക കേരള സഭയുടെ പ്രധാന കർത്തവ്യം. ഒരു സമ്മേളനമെന്നതിലുപരി ഒരു ലോക കേരള പാർലമെന്റ് എന്ന നിലയിലാവണം ഓരോ കേരളീയനും ലോക കേരള സഭയെ സമീപിക്കേണ്ടത്. പ്രവാസി മലയാളികളും കേരളവും തമ്മിലുള്ള സഹകരത്തിന്റെയും സാമൂഹിക സാംസ്കാരിക വിനിമയത്തിന്റെയും വേദി കൂടിയാണ് ലോക കേരള സഭ. കൂടാതെ മലയാള ഭാഷ, സാഹിത്യം, സംസ്കാരം എന്നിവ പ്രചരിപ്പിക്കുന്നതിനുള്ള പ്രവർത്തനത്തിൽ ബഹുദൂരം സഞ്ചരിക്കാൻ ലോക കേരള സഭ രൂപീകരണത്തിന് ശേഷം സാധിച്ചു.

കഴിഞ്ഞ മൂന്ന് സഭകളിലും പ്രവാസികൾക്ക് അവരുടെ ആശയങ്ങളും നിർദേശങ്ങളും കേരളത്തിലെ ജനപ്രതിനിധികളോടും സർക്കാരിനോടും ചർച്ച ചെയ്യുവാൻ സാധിക്കുകയും അത്തരം നിർദേശങ്ങൾ കേരളീയ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വികസനത്തിനു ഉതകുന്ന രീതിയിലേക്ക് വികസിപ്പിക്കുവാൻ സാധിച്ചു. എന്നതാണ് ലോക കേരള സഭയുടെ പ്രധാന നേട്ടം. കൂടാതെ ലോകത്തിന്റെ

നാനാഭാഗങ്ങളിലുള്ള പ്രവാസി കേരളീയരുടെ കൂട്ടായ്മയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും സഭയ്ക്ക് സാധിച്ചു.

ഗൾഫ് മേഖലയിൽ നിന്ന് മാറി മലയാളികളുടെ കുടിയേറ്റം യൂറോപ്പിലേക്കും അമേരിക്കയിലേക്കും മാറിയതോടെ കുടിയേറ്റത്തിൽ രൂപ മാറ്റങ്ങൾ സംഭവിച്ചു. പുതിയ മേച്ചിൽ പുറങ്ങൾ തേടിയവരിൽ ഭൂരിഭാഗവും ആരോഗ്യ പ്രവർത്തകരും എഞ്ചിനീയറിംഗ് വിദഗ്ദരുമായിരുന്നു. യൂറോപ്യൻ രാജ്യങ്ങൾ 8.67 കോടി പ്രവാസികളെയും ഏഷ്യൻ രാജ്യങ്ങളിലേക്ക് 8.56 കോടി പ്രവാസികളെയും വടക്കേ അമേരിക്ക 5.87 കോടി പ്രവാസികളെയും ആഫ്രിക്കൻ രാജ്യങ്ങൾ 2.54 കോടി പ്രവാസികളെയും ഉൾക്കൊള്ളുന്നു. ആഫ്രിക്കൻ രാജ്യങ്ങൾ കഴിഞ്ഞാൽ യൂറോപ്പിലേക്ക് ഏറ്റവും കൂടുതൽ കുടിയേറുന്നത് ഇന്ത്യ ഉൾപ്പെടെയുള്ള ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ നിന്നുള്ളവരാണ്. അഭയാത്രികളെ മാറ്റി നിർത്തിയാൽ യൂറോപ്പിലേക്ക് കുടിയേറുന്നവരിൽ ഭൂരിപക്ഷവും വിദ്യാർത്ഥികളായാണ് പ്രവാസ ജീവിതം ആരംഭിക്കുന്നത്.

യൂറോപ്യൻ രാജ്യങ്ങളിൽ വിദ്യാർത്ഥികളായാണ് ഭൂരിപക്ഷവും പ്രവാസ ജീവിതം ആരംഭിക്കുന്നതെങ്കിൽ; തൊഴിലും മികച്ച ജീവിത നിലവാരവും ലക്ഷ്യമിട്ട കുടിയേറ്റം നടന്നത് അമേരിക്കയിലേക്കാണ്. അമേരിക്കൻ ജനസംഖ്യയുടെ 40%വും വിവിധ രാജ്യങ്ങളിൽനിന്നും കുടിയേറി പാർക്കുന്നവരാണെങ്കിലും ഇവർ വർണ്ണ-വർഗ്ഗ വിവേചനമോ മനുഷ്യാവകാശ ലംഘനങ്ങളോ ഇല്ലാതെ വ്യക്തി സ്വാതന്ത്ര്യത്തോടെ തൊഴിൽ ചെയ്തു ജീവിക്കുന്നു. അവസരങ്ങളുടെ നാട് എന്ന് കുടിയേറ്റക്കാർ അമേരിക്കയെ വിളിക്കുന്നു. അവർ യുഎസ് സമ്പദ്വ്യവസ്ഥയിലെ വിടവുകൾ നികത്തുന്നു, തൊഴിൽ വിപണി കാര്യക്ഷമതയോടെ മെച്ചപ്പെടുത്തുന്നു. ഡോക്ടർ, നേഴ്സ്, പാരാമെഡിക്കൽ സ്റ്റാഫ്, ഗവേഷണം, ഐറ്റി പ്രൊഫഷണൽസ്, ബിസിനസ്, എഞ്ചിനീയറിംഗ്, സേവന മേഖല, മാനേജ്മെന്റ് & എച്ച്ആർ, ഫാഷൻ എന്നീ മേഖലകൾ കൂടാതെ റെസ്റ്റോറന്റുകൾ, കൃഷി, ഭക്ഷ്യ സംസ്കരണവും നിർമ്മാണവും, ഗതാഗതം, ബാങ്ക് തുടങ്ങിയ അമേരിക്കയുടെ വളർച്ചക്ക് അഭിവാച്യമായ ഘടകങ്ങളിൽ അവർ കുടിയേറ്റക്കാരെ സ്വീകരിക്കുന്നു. ഈ മേഖലകളിൽ ബഹുഭൂരിഭാഗം മലയാളികളും അവരുടെ കൈയൊപ്പ് ചാർത്തി എന്നതും വസ്തുത.

കേരള സർക്കാർ ആരംഭിച്ച നോർക്ക വകുപ്പും നോഡൽ ഏജൻസിയായ നോർക്ക റൂട്ട്സും പ്രവാസി ക്ഷേമ ബോർഡും ചെയ്തുവരുന്ന ക്ഷേമപ്രവർത്തനങ്ങളും സേവനങ്ങളും സമാനതകളില്ലാത്തതാണ്. രാജ്യത്ത് തന്നെ പ്രവാസികൾക്കായി ഒരു വകുപ്പ് രൂപീകരിക്കുക, ക്ഷേമം, പുനരധിവാസം എന്നിവയ്ക്ക് പ്രാധാന്യം നൽകുക, അവർക്ക് ആശയങ്ങൾ പങ്ക് വെയ്ക്കുവാൻ ഒന്നിച്ച് ഒരു വേദി രൂപീകരിക്കുക, നയരൂപീകരണത്തിന് പ്രവാസികളെ പങ്കാളിയാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ലോകത്തിന് തന്നെ മാതൃകയാണ്.

നോർക്ക പ്രവർത്തനം പ്രധാനമായും ക്ഷേമം, പുനരധിവാസം, റിക്രൂട്ട്മെന്റ് എന്നീ മൂന്ന് മേഖലകളെ കേന്ദ്രീകരിക്കുന്നു. 2016 ന്റെ തുടക്കത്തിൽ 13 പദ്ധതികൾ ആണ് നോർക്ക വകുപ്പിന് കീഴിൽ ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് അത് 21 ആയി ഉയർത്താൻ സാധിച്ചു. പദ്ധതികളുടെ നടത്തിപ്പിനായി നോർക്ക വകുപ്പിന് 2016 - 17 ൽ 25.39 കോടി രൂപയാണ് അനുവദിച്ചിരുന്നത്. എന്നാൽ നടപ്പ് സാമ്പത്തിക വർഷമായപ്പോഴേക്കും 180 കോടി രൂപ പ്രവാസി ക്ഷേമത്തിനായി സർക്കാർ നീക്കി വെച്ചു. പ്രവാസ മേഖല സർക്കാർ ഗൗരവകരമായി കാണുന്നു എന്നതാണ് ബഡ്ജറ്റിൽ പ്രതിഫലിച്ച വർദ്ധനവ്.

നോർക്ക റൂട്ട്സിന്റെ പ്രവർത്തനത്തിന്റെ ഒരു വിശകലനത്തിലേക്ക് കടന്നാൽ, നാട്ടിൽ മടങ്ങിയെത്തിയ സാമ്പത്തികവും ശാരീരികവുമായി അവശതയനുഭവിക്കുന്ന പ്രവാസി കുടുംബങ്ങളുടെ സഹായത്തിനായി രൂപീകരിച്ച ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതിയിൻ കീഴിൽ ആറു വർഷത്തിനിടെ 21987 കുടുംബങ്ങൾക്ക് 133 കോടിയുടെ ധനസഹായം നൽകി. തിരികെയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം നൽകുന്ന പദ്ധതിയായ NDPREM മുഖേന 4860 സംരംഭങ്ങൾ ആരംഭിക്കാൻ തിരികെ എത്തിയ പ്രവാസികൾക്ക് സാധിച്ചു. 18 ധനകാര്യ സ്ഥാപനങ്ങളുടെ 6000 ലധികം ശാഖകളിലൂടെ ഈ പദ്ധതിയുടെ സേവനം പ്രവാസിക്ക് ലഭ്യമാകുന്നു. കോവിഡ് മഹാമാരിയെ തുടർന്ന് ആരംഭിച്ച പ്രവാസി ഭദ്രത പദ്ധതിയിലൂടെ 13630 സംരംഭങ്ങൾ ആരംഭിച്ചു.

അസുഖബാധിതരായി നാട്ടിലേക്ക് മടങ്ങുന്ന പ്രവാസി മലയാളികളെയും വിദേശത്തും ഇതര സംസ്ഥാനങ്ങളിലും മരണപ്പെടുന്ന മലയാളികളുടെ ഭൗതിക ശരീരവും നാട്ടിലെത്തിക്കുന്നതിനായി 24 x 7 പ്രവർത്തിക്കുന്ന സൗജന്യ ആംബുലൻസ് സേവനം കേരളത്തിലെ എല്ലാ വിമാനത്താവളങ്ങളിലും മംഗളൂരു,

കോയമ്പത്തൂർ വിമാനത്താവളങ്ങളിലും ലഭ്യമാക്കി .

വ്യാജ റിക്രൂട്ട്മെന്റുകൾ, വിസ തട്ടിപ്പ് എന്നിവയെക്കുറിച്ചുള്ള ബോധവത്കരണം, പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ: വിദേശ രാജ്യങ്ങളിലേക്ക് തൊഴിൽ അന്വേഷിക്കുന്നവർക്ക് സുരക്ഷിത കുടിയേറ്റ മാർഗനിർദേശങ്ങൾ, നോർക്കയുടെ ക്ഷേമപദ്ധതികൾ എന്നിവയെക്കുറിച്ച് ബോധവത്കരണം എന്നിവ നടത്തുന്നതിനോടൊപ്പം വിസ, തൊഴിൽ തട്ടിപ്പ്, അനധികൃത ഏജന്റുമാരുടെ തട്ടിപ്പ് തുടങ്ങിയവ ഒഴിവാക്കാൻ കൂടുതൽ കാര്യക്ഷമ ഇടപെടലുകൾ നടപ്പാക്കുന്നതിനായി പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസ്, കേരള പൊലീസ് എന്നിവരുടെ സഹകരണത്തോടെ ഓപറേഷൻ ശുഭയാത്ര പദ്ധതിയും നടപ്പാക്കിവരുന്നു. ക്രൈം ബ്രാഞ്ച് ഐ.ജി നോഡൽ ഓഫിസറായ ഒരു സ്റ്റേറ്റ് സെല്ലും ജില്ലകളിൽ ആന്റി ഹ്യൂമൻ ട്രാഫിക്കിങ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു.

ഗൾഫ് നാടുകളിലേക്ക് മാത്രം ഒതുങ്ങി നിന്ന നഴ്സിംഗ് റിക്രൂട്ട്മെന്റ് യുകെ, ജർമ്മനി എന്നിവിടങ്ങളിലേക്കും വ്യാപിപ്പിച്ചു. ആരോഗ്യ മേഖലക്ക് പുറമെ ഹോസ്പിറ്റാലിറ്റിയിലും ശ്രദ്ധ ചെലുത്തി വരുന്നു. തൊഴിൽ കുടിയേറ്റത്തിന് ശ്രമിക്കുന്ന ഉദ്യോഗാർഥികൾക്ക് വിദേശഭാഷകളിൽ പരിശീലനം നൽകുന്നതിനായി നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോറിൻ ലാംഗ്വേജ് പ്രവർത്തനം ആരംഭിച്ചു. നൈപുണ്യ വികസന പദ്ധതിയും നോർക്ക മുഖേന നടത്തിവരുന്നു.

നോർക്ക ഐ.ഡി കാർഡ് എടുക്കുന്ന പ്രവാസിക്ക് നിലവിൽ അപകടം മൂലമുള്ള മരണത്തിന് നാലു ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും അപകടം മൂലമുള്ള ഭാഗികമായോ/ സ്ഥിരമുള്ളതോ ആയ അംഗവൈകല്യങ്ങൾക്ക് പരമാവധി രണ്ടു ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും നൽകിവരുന്നു. 87117 പ്രവാസികൾക്ക് തിരിച്ചറിയൽ കാർഡ് നൽകി.

വിദേശ പഠനത്തിന് പോകുന്ന വിദ്യാർഥികൾക്കുള്ള തിരിച്ചറിയൽ കാർഡിന്, അപകടമരണത്തിന് നാലു ലക്ഷം ഇൻഷുറൻസ് പരിരക്ഷയും അപകടം മൂലമുള്ള ഭാഗികമായോ/ സ്ഥിരമുള്ളതോ ആയ അംഗവൈകല്യങ്ങൾക്ക് പരമാവധി രണ്ടു ലക്ഷം രൂപയുടെ പരിരക്ഷയും ലഭിക്കുന്നു.

സർക്കാർ പദ്ധതികൾ നടപ്പാക്കുക എന്നതിനോടൊപ്പം മറ്റ് ഇടപെടലുകളും നോർക്ക നേരിട്ട് നടത്തുന്നു. നോർക്ക പ്രവർത്തനങ്ങൽ വിപുലപ്പെടുത്തുന്നതിനും കൂടുതൽ പ്രവാസികളിലെക്ക് സേവനങ്ങൾ എത്തിക്കുന്നതിനും പുറംകേരളത്തിന്റെ പ്രതിനിധികൾ എന്ന തലത്തിൽ ലോക കേരള സഭാ അംഗങ്ങൾക്ക് സാധിക്കേണ്ടതുണ്ട്. ലോക കേരള സഭാ രൂപീകൃതമായതോടെ വിവിധ ഇടങ്ങളിലായുള്ള മലയാളിയെ സംസ്ഥാനവുമായി ബന്ധപ്പെടുത്താൻ സാധിച്ചു. സംസ്ഥാനവുമായി ചേർന്ന് പ്രവർത്തിക്കാൻ പ്രവാസികൾ എക്കാലവും സന്നദ്ധരാണെന്ന് പ്രതിസന്ധി ഘട്ടത്തിൽ കൂടുതൽ വ്യക്തമായി. കോവിഡ് കാലത്തു 14 രാജ്യങ്ങളിൽ ഹെൽപ് ഡെസ്കുകൾ രൂപീകരിക്കാനും, ഉക്രൈൻ പ്രതിസന്ധി ഘട്ടത്തിൽ വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിനെയും സർക്കാർ നിർദ്ദേശങ്ങൾ വിദ്യാർത്ഥികളിലേക്കും എത്തിക്കുന്നതിന് ലോക കേരള സഭാംഗങ്ങൾ ഉർജ്ജസ്വലരായി പ്രവർത്തിച്ചു.

കുടിയേറ്റം പ്രോത്സാഹിപ്പിക്കപ്പെടുന്നതിനോടൊപ്പം മലയാള ഭാഷ, സംസ്കാരം എന്നിയും പ്രോത്സാഹിപ്പിക്കപ്പെടണം. 'എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം' എന്ന ടാഗ് ലൈനോടെ മറു നാടൻ മലയാളി സംഘടനകളുമായി സഹകരിച്ച് മലയാളം മിഷൻ മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. ഇന്ത്യയിൽ കേരളത്തിന് പുറത്തും, മറ്റ് രാജ്യങ്ങളിലും മലയാളം മിഷൻ ചാപ്റ്ററുകൾ രൂപവത്കരിച്ചിട്ടുണ്ട്. നിലവിൽ 43 രാജ്യങ്ങളിലേക്ക് മലയാളം മിഷന്റെ പ്രവർത്തനം വ്യാപിക്കാൻ സാധിച്ചിട്ടുണ്ട്. മലയാളം മിഷന്റെ പ്രവർത്തനം കൂടുതൽ പ്രവാസികളിലേക്ക് എത്തിക്കുന്നതിനും മലയാള ഭാഷ സംസ്കാരം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിനും നിലനിർത്തുന്നതിനും പ്രവാസി സംഘടനകൾ കൂടുതൽ ഊർജസ്വലമായി പ്രവർത്തിക്കേണ്ടതുണ്ട്.

കൂട്ടായ്മകൾ നിശ്ചിത പ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങാതെ പൊതു സമൂഹത്തിൽ വിവിധങ്ങളായ മേഖലയിൽ കൂട്ടായ്മകൾ രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു ഒരു എക്സ്റ്റെൻഡഡ് ഹെല്പ് ഡെസ്കുകളായി മാറേണ്ടതുണ്ട്. നിക്ഷേപം, മലയാളി സംഘടനകളുടെ രജിസ്ട്രേഷൻ, സർക്കാർ ഐഡി കാർഡ് കം ഇൻഷുറൻസ് സ്കീം, അലുമിനി അസോസിയേഷൻ കൂട്ടായ്മ, സാംസ്കാരിക സംഘടനകൾ, ടെക്നോക്രാറ്റസിന്റെ കൂട്ടായ്മ എന്നിങ്ങനെയുള്ള പല സഹായ അധിഷ്ഠിത ഹെല്പ് ഡെസ്കുകൾ ഇതിന്റെ ഭാഗമാക്കാവുന്നതാണ്. ഇത്തരം ഡെസ്കുകൾക്ക് പ്രവാസി സമൂഹത്തിന് രൂപം നൽകാൻ സാധിച്ചാൽ പ്രവാസികളുടെസ് ശക്തി

സ്രോതസായി സംഘടനകൾക്ക് മാറാൻ സാധിക്കും.

പ്രവാസി സാന്ദ്രത കൂടിയ സംസ്ഥാനമാണ് കേരളം. പ്രവാസത്തിൽ കേരളം ഒന്നാമതാണെങ്കിൽ മലയാളി സഹോദരങ്ങൾ ലോകമെമ്പാടും വ്യാപിച്ചു കിടക്കുന്നുണ്ടെങ്കിലും അവരുടെ കൃത്യമായ കണക്ക് സംസ്ഥാനത്തിന്റെ കൈവശം ഇല്ല. പ്രവാസികൾക്കായുള്ള പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതും നയ രൂപീകരണത്തിനും ഇവരുടെ ഡാറ്റ അനിവാര്യമാണ്. കൂടാതെ ഉക്രൈൻ, സുഡാൻ എന്നിവിടങ്ങളിൽ ഉണ്ടായ പ്രതിസന്ധി ഘട്ടത്തിലും നേരിട്ട പ്രധാന ബുദ്ധിമുട്ടും മലയാളികളുടെ വിവരശേഖരണമായിരുന്നു. ലോക കേരള സഭയുടെ മൂന്ന് സമ്മേളനങ്ങളിലും പ്രവാസി പ്രതിനിധികൾ ഉന്നയിച്ചതും ഡാറ്റ ശേഖരണം നടത്തുക എന്നതായിരുന്നു. ആയതിനാൽ തന്നെ പ്രവാസികളുടെ സമഗ്രമായ വിവര ശേഖരണം നടത്തുന്നതിന് ആഗോള ഡിജിറ്റൽ പ്ലാറ്റഫോം രൂപീകരിക്കാൻ തീരുമാനിച്ചു. ഇതിൽ ഓരോ പ്രവാസി മലയാളിയുടെയും പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതുണ്ട്. പ്ലാറ്റ്ഫോമിൽ ഒസിഐ കാർഡ് ഉടമകളെ ഉൾപ്പെടുത്താനുള്ള സാധ്യത പരിശോധിക്കുകയും വേണ്ട നടപടികൾ സ്വീകരിക്കുന്നതുമാണ്.

സർക്കാർ പദ്ധതികളിൽ ഒസിഐ കാർഡ് ഉടമകളെ ഉൾപ്പെടുത്തണമെന്ന ആവശ്യം അവർ നിരന്തരം സർക്കാരിനോട് ആവശ്യപ്പെടുന്നുണ്ട്. നിലവിലെ ചട്ട പ്രകാരം ഇത് പ്രായോഗികമല്ല. ഇതിന് കേന്ദ്ര മാനദണ്ഡങ്ങൾ പാലിക്കേണ്ടതായുണ്ട്. എന്നിരുന്നാലും നോർക്ക റൂട്ട്സിന്റെ പ്രവർത്തനത്തിന്റെ വിപുലീകരണ സാധ്യത ഗൗരവകരമായി കാണുന്നു. മറ്റൊരു സാധ്യത, കൂടുതൽ മലയാളി സംഘടനകൾക്ക് നോർക്കാ റൂട്ട്സിന്റെ അംഗീകാരം നൽകുക വഴി റിപാട്രിയെഷൻ, സുരക്ഷിത കുടിയേറ്റ ഉറപ്പാക്കുക, ക്ഷേമ പദ്ധതികളുടെ വ്യാപനം തുടങ്ങിയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ സാധിക്കുമെന്നതാണ്.

അമേരിക്കയിലെ നോർക്കയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിൽ ലോക കേരള സഭയ്ക്ക് പ്രധാന പങ്കു വഹിക്കാനാകും. വൈവിധ്യമാർന്ന മേഖലകളിൽ പ്രവർത്തിക്കുന്ന മലയാളികളുടെ സേവനം കേരളത്തിന്റെ വികസനത്തിന് കാര്യക്ഷമമായി ഉപയോഗിക്കാൻ സാധിക്കും. ലോക കേരള സഭയിൽ തന്നെ ഉയർന്നുവന്ന പ്രവാസി ചേംബർ ഓഫ് കോമ്മേഴ്സ് പോലെയുള്ള സംവിധാനങ്ങൾ വഴി അമേരിക്കയിലെ മലയാളികൾക്ക് കേരള വികസനത്തിൽ പങ്കാളികൾ ആകാനും നവകേരള കർമ്മ പദ്ധതിയുടെ ഭാഗമാകാനും സാധിക്കും എന്നത് തീർച്ചയാണ്. അമേരിക്ക പോലെ സ്ഥിര കുടിയേറ്റം സംഭവിക്കുന്ന മേഖലയിൽ രണ്ടാം ജെനെറേഷൻ മലയാളികൾക്ക് കേരളവുമായി ബന്ധം തുലോം കുറവാണ്. അത് പരിഹരിച്ചു കേരളത്തെയും കേരളത്തിന്റെ കലാ-സാംസ്കാരിക-സാമൂഹിക രംഗങ്ങളെയും അവർക്ക് പരിചെയപ്പെടുതുന്നതിനു മലയാളം മിഷനുമായും നോർക്ക-റൂട്ട്സുമായും ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കവുന്നതാണ്. ഇവയെല്ലാം കൂട്ടിയിണക്കുന്ന ചാലകശക്തിയായി ലോക കേരള സഭയ്ക്കും സഭാ അംഗങ്ങൾക്കും പ്രവർത്തിക്കാവുന്നതാണ്.